കൊല്ലം രൂപത സപ്ത ശതാബ്ദി: കോവിൽത്തോട്ടം ഇടവകയിലെ ആഘോഷങ്ങൾ ആരംഭിച്ചു

ചവറ: കൊല്ലം രൂപതയുടെ സപ്ത ശതാബ്ദി ആഘോഷങ്ങൾക്ക് കോവിൽത്തോട്ടം ആൻഡ്രൂസ് ഇടവകയിൽ തുടക്കമായി. ഇടവക വികാരി ഫാ. ജോസഫ് ഡാനിയേൽ ജൂബിലി പതാക ഉയർത്തി.

തുടർന്ന് ഇടവകതല ജൂബിലി ആഘോഷ പ്രഖ്യാപനം നടത്തി.

സമാരംഭ ദിവ്യബലിക്ക് ഫാ. ജോൺ ബ്രിട്ടോ കപ്പൂച്ചിൻ മുഖ്യ കാർമികത്വം വഹിച്ചു. ഫാ. യേശുദാസ് മരിയാൻ, ഫാ. ജോസഫ് ഡാനിയേൽ എന്നിവർ സഹകാർമികരായി.

ആഘോഷ പരിപാടികൾക്ക് ഇടവക അജപാലന സമിതി, സിസ്റ്റേഴ്സ്, ബിസിസി ആനിമേറ്റർമാർ, വിവിധ സംഘടന പ്രതിനിധികൾ എന്നിവർ നേതൃത്വം നൽകി.

ഇടവകയിൽ ആത്മീയ നവീകരണത്തിനും സാമൂഹിക മുന്നേറ്റത്തിനും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും ഊന്നൽ നൽകിയുള്ള വിവിധ കർമപരിപാടികൾ നടപ്പിലാക്കുമെന്ന് ഇടവക വികാരി ഫാ.ജോസഫ് ഡാനിയേൽ അറിയിച്ചു.



കൊല്ലം രൂപതയുടെ 700 -ാം വാർഷികത്തിന്റെ ഭാഗമായുള്ള ത്രിവത്സര ജൂബിലി ആഘോഷങ്ങളുടെ ആരംഭം കോവിൽത്തോട്ടം സെന്റ് ആൻഡ്രൂസ് ഇടവക വികാരി ഫാ. ജോസഫ് ഡാനിയേൽ ഉദ്ഘാടനം ചെയ്യുന്നു.

കൊല്ലം രൂപതയുടെ 700 -ാം വാർഷികത്തിന്റെ ഭാഗമായുള്ള ത്രിവത്സര ജൂബിലി ആഘോഷങ്ങളുടെ ആരംഭം കുറിച്ച് കോവിൽത്തോട്ടം സെന്റ് ആൻഡ്രൂസ് ദേവാലയത്തിൽ ഇടവക വികാരി ഫാ. ജോസഫ് ഡാനിയേൽ ജൂബിലി പതാക ഉയർത്തുന്നു.

ബിഷപ് ജെറോം ഫെർണാണ്ടസ് ജന്മവാർഷിക ദിനാചരണം

കൊല്ലം: കൊല്ലം രൂപത സപ്ത ശതാബ്ദി ഇടവകതല ആഘോഷവും ദൈവദാസൻ ബിഷപ് ജെറോം ഫെർണാണ്ടസിന്റെ 125-ാം ജന്മ വാർഷിക ദിനാചരണവും അഷ്ടമുടി അഷ്ടജല റാണി പള്ളിയിൽ നടത്തി.

കൊല്ലം രൂപത സപ്ത ശതാബ്ദി ഇടവകതല ആഘോഷ ഭാഗമായി അഷ്ടമുടി അഷ്ട ജലറാണി പള്ളിയിൽ രൂപത വികാർ ജനറൽ മോൺസിഞ്ഞോർ ഡോ. ബൈജു ജൂലിയാൻ സഭാ ജൂബിലി പതാക ഉയർത്തുന്നു.അഷ്ടമുടി അഷ്ടജല റാണി ഇടവക വികാരി ഫാ. സൈജു സൈമൺ സമീപം .

രൂപത വികാരി ജനറാൾ മോൺ. ഡോ. ബൈജു ജൂലിയാൻ ജൂബിലി പതാക ഉയർത്തുകയും തുടർന്നുള്ള ദിവ്യബലിക്ക് മുഖ്യകാർമികത്വം വഹിക്കുകയും ചെയ്തു.

വിദ്യാഭ്യാസമില്ലാതിരുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ നിന്ന് വിദ്യാസമ്പന്നവരെ വാർത്തെടുക്കുന്നതിൽ ഏറ്റവും കൂടുതൽ നേതൃത്വം വഹിച്ചത് ബിഷപ് ജെറോമാണെന്നു മോൺ. ഡോ. ബൈജു ജൂലിയാൻ പറഞ്ഞു.

അഷ്ടമുടി പള്ളിക്ക് അഷ്ടജലറാണി എന്ന് പേരിട്ടതും ബിഷപ് ജെറോം ഫെർണാണ്ടസാണ്. ഡോമ്നിക്കൻ പുരോഹിതനായ ബിഷപ് ജോർദാനൂസ് കത്തലാനിയുടെ കൊല്ലം രൂപത ഇന്നത്തെ അവസ്ഥയിൽ വളർത്തിയെടുക്കുന്നതിൽ ദൈവദാസൻ ബിഷപ് ജെറോമിനുള്ള പങ്ക് ആർക്കും നിഷേധിക്കാൻ കഴിയില്ലെന്നും വികാർ ജനറൽ ഡോ. ബൈജു ജൂലിയാൻ പറഞ്ഞു.

ഇടവക വികാരി ഫാ. സൈജു സൈമൺ സഹകാർമികത്വം വഹിച്ചു.

ജൂബിലി ആഘോഷങ്ങൾക്കും ബിഷപ് ജെറോം ജന്മവാർഷിക ദിനാചരണത്തിനും രൂപത അസോസിയേറ്റ് പിആർ ജോർജ് എഫ് സേവ്യർ, കെആർഎൽസി ബിസി വിമൻസ് കമ്മീഷൻ കൊല്ലം രൂപത സെക്രട്ടറി ജയിൻ ആൻസിൽ ഫ്രാൻസിസ്, സിഎൽസി രൂപത പ്രസിഡന്റ് റിത്താ ദാസ്, ഇടവക കൈക്കാരൻ ജോസ് എഡ്വേർഡ് അജപാലന സമിതി സെക്രട്ടറി രാജൻ സോണാസ്, ബിസിസി കോ-ഓർഡിനേറ്റർ ജയിംസ് ജോർജ്, സിസ്റ്റർ ആന്റനിറ്റ എന്നിവർ നേതൃത്വം നൽകി.

ചാത്തന്നൂരിൽ ഗ്രാമ ന്യായാലയം വരില്ലേ..?

പ്രദീപ് ചാത്തന്നൂർ

ചാത്തന്നൂർ: കേരളാ ഹൈക്കോടതി ചാത്തന്നൂരിൽ ഗ്രാമ ന്യായാലയം അനുവദിച്ചിട്ട് ഒമ്പത് വർഷം കഴിഞ്ഞെങ്കിലും ഇനിയും പ്രവർത്തനം തുടങ്ങിയില്ല.

ഗ്രാമ ന്യായാലയത്തിനായി ഇത്തിക്കര ബ്ലോക്ക് പഞ്ചായത്ത് കെട്ടിടം നിർമിച്ച് കാത്തിരിക്കയാണ്.

കഴിഞ്ഞ സംസ്ഥാന സർക്കാരിന്റെ നിലപാടു മൂലമാണ് ചാത്തന്നൂരിലെ ഗ്രാമ ന്യായാലയം പ്രവർത്തനം ആരംഭിക്കാൻ കഴിയാതിരുന്നത്. സാമ്പത്തിക ബാധ്യതമൂലം പുതിയ നിയമനങ്ങൾ ഒന്നും വേണ്ടെന്ന ധനകാര്യ വകുപ്പിന്റെ തീരുമാനം കാരണമാണ് ചാത്തന്നൂരിലെ ഗ്രാമ ന്യായാലയത്തിന് പ്രവർത്തനം ആരംഭിക്കാൻ കഴിയാതെ പോയത്.

സംസ്ഥാന സർക്കാരിൽ സമ്മർദം ചെലുത്തി ഹൈക്കോടതി അനുവദിച്ച ഗ്രാമ ന്യായാലയം യാഥാർഥ്യമാക്കാൻ ചാത്തന്നൂരിലെ ജനപ്രതിനിധികൾക്കോ രാഷ്ട്രീയ നേതൃത്വങ്ങൾക്കോ കഴിഞ്ഞില്ല.

ഹൈക്കോടതിയുടെ ഉത്തരവ് ഒമ്പത് വർഷമായിട്ടും നടപ്പാക്കാതെ നീട്ടികൊണ്ടുപോകുകയാണ്. 2017 ജൂലൈയിൽ ഇത്തിക്കര ബ്ലോക്ക് പഞ്ചായത്തിന്റെ തീരുമാനപ്രകാരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റാണ് ചാത്തന്നൂരിൽ ഗ്രാമ ന്യായാലയം സ്ഥാപിക്കണമെന്നാവശ്യപ്പെട്ട് ഹൈക്കോടതിയിൽ അപേക്ഷ നൽകിയത്. ഹൈക്കോടതി അപേക്ഷ പരിഗണിക്കുകയും വിവിധ വശങ്ങൾ പരിശോധിക്കുകയും ചെയ്തു. ഭൂമിശാസ്ത്രപരമായ പ്രത്യേകത, ജന സാന്ദ്രത , മറ്റ് കോടതികൾക്ക് സഹായകരമാകുന്ന സാധ്യതകൾ, ഇത്തിക്കര ബ്ലോക്ക് കെട്ടിടം നിർമിച്ചു നൽകാമെന്ന വാഗ്ദാനം തുടങ്ങിയവയെല്ലാം പരിഗണിച്ചാണ് ചാത്തന്നൂരിൽ ഗ്രാമ ന്യായാലയം അനുവദിച്ചത്. 2018 ലാണ് ഗ്രാമ ന്യായാലയം അനുവദിച്ച് ഹൈക്കോടതി ഉത്തരവിറക്കിയത്.

ഒരു ന്യായാധികാരി, സെക്രട്ടറി, ക്ലാർക്ക്(3) ,കോൺഫിഡൻഷ്യൽ അറ്റൻഡന്റ്, അമീൻ, ഓഫീസ് അറ്റൻഡന്റ്(2) പ്രോസസർവർ(2) എൽഡി ടൈപ്പിസ്റ്റ്, പാർട് ടൈം സ്വീപ്പർ എന്നിങ്ങനെ ഒമ്പത് പോസ്റ്റുകളിലായി 13 നിയമനം നടത്തണമെന്ന് അന്നത്തെ ഹൈക്കോടതി രജിസ്ട്രാർ എൻ. അനിൽ അനിൽ കുമാർ 2018 മേയ് 11 ന് സംസ്ഥാന അഡീഷണൽ ചീഫ് സെക്രട്ടറി (ഹോം (സി) ഡിപ്പാർട്ട്മെന്റ്) കത്ത് നൽകി. 2008ലെ ഗ്രാമ ന്യായാലയ നിയമപ്രകാരമാണ് ഗ്രാമ ന്യായാലയം അനുവദിച്ചതെന്നും ഇത് ആരംഭിക്കാൻ അത്യാവശ്യ നടപടികൾ ആരംഭിക്കണമെന്നും ചൂണ്ടികാട്ടിയിരുന്നു.

ഒമ്പത് തസ്തികകളിലെ ശമ്പളത്തിനായി വർഷം 61, 81,920 രൂപയും മറ്റ് ചെലവുകൾക്കായി 1300000 രൂപയും ഉൾപ്പെടെ 7481920 രൂപ വാർഷിക ചെലവ് വരുമെന്നും സർക്കാരിനെ ഹൈക്കോടതി അറിയിച്ചിരുന്നു. പ്രവർത്തനം തുടങ്ങിയാൽ കേന്ദ്ര സർക്കാരിന്റെ സഹായം ലഭ്യമാകുമെന്നും സംസ്ഥാന സർക്കാരിനെ അറിയിച്ചിരുന്നു.

പ്രവർത്തനം തുടങ്ങിയാൽ ഗ്രാമ ന്യായാലയം സ്വയം പര്യാപ്തമാവുകയും സംസ്ഥാന സർക്കാരിന് സാമ്പത്തിക നേട്ടം ഉണ്ടാവുകയും ചെയ്യും. പക്ഷേ ഇതെല്ലാം കഴിഞ്ഞ സർക്കാർ അവഗണിക്കുകയും ധനകാര്യ വകുപ്പ് തടസങ്ങൾ ഉന്നയിച്ച് നിയമനങ്ങൾ നടത്താതെ നീട്ടി കൊണ്ടു പോവുകയുമായിരുന്നു.

ജനങ്ങൾക്ക് വളരെയേറെ സൗകര്യപ്രദവും ആശ്വാസകരവുമാവുന്നതായിരുന്നു ഗ്രാമ ന്യായാലയം. മാത്രമല്ല സമീപ പ്രദേശങ്ങളിലെ കോടതികളുടെ ജോലിഭാരം വളരെയേറെ ലഘൂകരിക്കാനും കഴിയുമായിരുന്നു. ഹർജികളിലും പരാതികളിലും വളരെ വേഗം നടപടികൾ ഉണ്ടാകുകയും ചെയ്യുമായിരുന്നു. ഇതിനെല്ലാമുള്ള അവസരമാണ് കഴിഞ്ഞ വർഷങ്ങളായി യാഥാർഥ്യമാക്കാൻ കഴിയാതെ പോയത്.

ഗവർണർ ഇടപെട്ടിട്ടും സർക്കാർ അനങ്ങിയില്ല

ചാത്തന്നൂരിലെ ഗ്രാമ ന്യായാലയത്തിന്റെ പ്രവർത്തനം തുടങ്ങാതെ നീണ്ടു പോയപ്പോൾ 2018-ൽ അന്നത്തെ കേരളാ ഗവർണർ ജസ്റ്റിസ് സദാശിവത്തിന്റെ മുന്നിൽ പ്രശ്നം എത്തി. കല്ലുവാതുക്കൽ കേന്ദ്രമായി പ്രവർത്തിക്കുന്ന ഡോ. എപിജെ അബ്ദുൽ കലാം മെമ്മോറിയൽ എഡ്യൂക്കേഷണൽ ആൻഡ് ലീഗൽ സെൽ സെക്രട്ടറി സി.ആർ. സുധീർ ഗ്രാമ ന്യായാലയം ആരംഭിക്കേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാട്ടി ഗവർണർക്ക് നിവേദനം നൽകി.

2018 ഡിസംബർ ആറിന് ഗവർണറുടെ നിർദേശപ്രകാരം ഗവർണറുടെ പ്രിൻസിപ്പൽ സെക്രട്ടറി സംസ്ഥാന സർക്കാരിനോട് ചാത്തന്നൂരിലെ ഗ്രാമ ന്യായാലയം ആരംഭിക്കുന്നതിന് അത്യാവശ്യ നടപടികൾ ആരംഭിക്കണമെന്നാവശ്യപ്പെട്ട് കത്തയച്ചു. ഗവർണറുടെ ഓഫീസിൽ നിന്നുള്ള കത്തു പോലും അന്നത്തെ ഇടതുമുന്നണി സർക്കാർ പരിഗണിച്ചതേയില്ല.

ഗ്രാമ ന്യായാലയം ആരംഭിക്കണമെന്ന്

ചാത്തന്നൂരിൽ അനുവദിച്ച ഗ്രാമ ന്യായാലയം പ്രവർത്തനം ആരംഭിക്കണമെന്ന ആവശ്യം വീണ്ടും സജീവമായി. ഗവർണർക്ക് ഇതേ ആവശ്യം ഉന്നയിച്ച് നിവേദനം നൽകിയ സി.ആർ. സുധീർ കേരള മുഖ്യമന്ത്രി വി.ഡി. സതീശനും നിയമ വകുപ്പു സെക്രട്ടറിക്കും കേരളാ ഹൈക്കോടതി രജിസ്ട്രാർക്കും വീണ്ടും നിവേദനം നൽകിയതോടെയാണ് ചാത്തന്നൂർ ഗ്രാമ ന്യായാലയ വിഷയം വീണ്ടും സജീവമായത്. പുതിയ യുഡിഎഫ് സർക്കാർ അനുകൂലമായ തീരുമാനമെടുക്കുകയും നിയമനങ്ങൾ നടത്തുകയും ചെയ്യണമെന്ന ആവശ്യം ശക്തമായി ഉയർന്നിട്ടുണ്ട്.

കുളത്തൂപ്പുഴ സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ദേവാലയത്തിലെ എട്ടുനോമ്പ് തിരുനാളിന്റെ ഭാഗമായി നടന്ന വിശുദ്ധ ജപമാല പ്രദക്ഷിണം.

അഞ്ചൽ മണലിൽ സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ പള്ളിയിൽ പെരുന്നാളിനോട് അനുബന്ധിച്ചു നടന്ന റാസ.

പരിസ്ഥിതിലോല മേഖല; കരട് വിജ്ഞാപനം റദ്ദാക്കണമെന്ന്

കുളത്തൂപ്പുഴ : പുനലൂർ നിയോജക മണ്ഡലത്തിൽ വനമേഖലയോടു ചേർന്നുകിടക്കുന്ന പഞ്ചായത്തുകൾ ഉൾപ്പെടുന്ന പരിസ്ഥിതിലോലമേഖലയുടെ കരട് വിജ്ഞാപനം റദ്ദു ചെയ്യണമെന്ന് രാഷ്ട്രീയ ജനതാദൾ പുനലൂർ നിയോജക മണ്ഡലം കമ്മിറ്റി ആവശ്യപ്പെട്ടു.

ഇതിനായി സംസ്ഥാന സർക്കാർ മുഴുവൻ എംപിമാരുടെയും സംയുക്തയോഗം വിളിച്ചു ചേർത്ത് പ്രശ്നം ചർച്ച ചെയ്ത് വിഷയം കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിനു മുന്നിൽ എത്തിക്കണമെന്നും യോഗം ആവശ്യപ്പെട്ടു.

സന്തോഷ് ജി. നായർ അധ്യക്ഷ വഹിച്ചു. കുതിരച്ചിറ രാജശേഖരൻ, ആനന്ദരാ ജൻപിള്ള, ഹബീബ് കൊടിയാട്ട്, പുനലൂർ ബാബു, എന്നിവർ പ്രസംഗിച്ചു.

കരട് പട്ടികയിൽ ഉൾപ്പെട്ടവരുടെ ആശങ്ക പാർട്ടി സംസ്ഥാന പ്രസിഡന്റ് എം.വി. ശ്രേയാംസ്കുമാറിന്റെയും പി.കെ. പ്രവീൺ എംഎൽഎയുടെയും ശ്രദ്ധയിൽപ്പെടുത്തിയതായി നേതാക്കൾ അറിയിച്ചു.

20 സെന്റിൽ കൃഷിയുടെ വിസ്മയം; മണ്ണിൽ പൊന്നുവിളയിച്ച് സുരേന്ദ്രൻ

അഞ്ചൽ : വീടിനായി മാറ്റിവച്ച സ്ഥലം ഒഴികെ പുരയിടത്തിലെ ഓരോ ഇഞ്ചിലും കൃഷി. അലയമൺ പഞ്ചായത്തിലെ തെക്കേഭാഗം പുത്തങ്കൽ വീട്ടിൽ സുരേന്ദ്രന്റെ 20 സെന്റ് സ്ഥലത്താണ് ഈ വേറിട്ട കൃഷിക്കാഴ്ച.

വീടിന് ചുറ്റുമുള്ള സ്ഥലമൊന്നും വെറുതെയിടാതെ വിവിധയിനം കൃഷികൾ ഒരുക്കിയിരിക്കുകയാണ് സുരേന്ദ്രൻ. പ്ലാവ്, മാവ്, പേര തുടങ്ങിയ ഫല വൃക്ഷങ്ങൾക്കൊപ്പം ഇഞ്ചി, ചേന, ചേമ്പ്, പാവൽ, വിവിധയിനം കുരുമുളക്, പൂകൃഷി തുടങ്ങി നിരവധി കൃഷികളാണ് ഇവിടെ വിളയുന്നത്.

ഒരു പുരയിടത്തിൽ തന്നെ വൈവിധ്യമാർന്ന കൃഷികൾ എന്നതാണ് സുരേന്ദ്രന്റെ കൃഷിയിടത്തിന്റെ പ്രത്യേകത. ലഭ്യമായ സ്ഥലത്തെ പരമാവധി പ്രയോജനപ്പെടുത്തി സ്വന്തം അധ്വാനത്തിലൂടെ മികച്ച വിളവ് ഉറപ്പാക്കുക്കുന്ന സുരേന്ദ്രനൊപ്പം താങ്ങും തണലുമായി ഭാര്യ രാധയുമുണ്ട്. രണ്ട് വർഷങ്ങൾക്ക് മുമ്പാണ് പാലക്കാട് നിന്നു ഇരുവരും അലയമണ്ണിൽ ഭൂമി വാങ്ങി താമസം ആരംഭിക്കുന്നത്. കൃഷിയോടുള്ള താത്പര്യത്തിനൊപ്പം കൃത്യമായ പരിപാലനവും സുരേന്ദ്രന്റെ കൃഷിയിടത്തെ ശ്രദ്ധേയമാക്കുന്നു. വീട്ടാവശ്യങ്ങൾക്കുള്ള പച്ചക്കറികളും പഴങ്ങളും ലഭിക്കുന്നതിനൊപ്പം, കൃഷിയിലൂടെ വരുമാനവും കണ്ടെത്തുകയാണ് ലക്ഷ്യം. സുരേന്ദ്രന്റെ കൃഷിരീതികൾ കാണുന്നതിനും മനസിലാക്കുന്നതിനും എത്തുവരുടെയും കാർഷിക വിളകൾ വാങ്ങുന്നതിന് എത്തുന്നവരുടെയും എണ്ണം കുറവല്ല.

കൃഷിയിടത്തിൽ സുരേന്ദ്രനും ഭാര്യയും.

സുരേന്ദ്രന്റെ കൃഷിയാത്രയ്ക്ക് ആവശ്യമായ നിർദേശങ്ങളും പിന്തുണയുമായി കൃഷിവകുപ്പും ഒപ്പമുണ്ട്. ഒരുതവണ അലയമൺ പഞ്ചായത്തിലെ മികച്ച കർഷകനുള്ള അവാർഡ് സുരേന്ദ്രന് ലഭിച്ചു. സംസ്ഥാനതല അവാർഡിനും കൃഷി വകുപ്പ് പേര് ശിപാർശ ചെയ്തിരുന്നു. സ്ഥലം ചെറുതാണെങ്കിലും കൃഷി ചെയ്യാനുള്ള മനസുണ്ടെങ്കിൽ മണ്ണിൽ പൊന്നുവിളയിക്കാമെന്നതിന്റെ മാതൃകയാണ് സുരേന്ദ്രന്റെ 20 സെന്റ് പുരയിടം.

അധ്യാപക ദിനത്തോടനുബന്ധിച്ച് കൊല്ലം ജില്ലാജനകീയ വികസനവേദിയുടെ ആഭിമുഖ്യത്തിൽ കുണ്ടറ എംജിഡി ഹയർ സെക്കൻഡറി സ്കൂളിലെ അധ്യാപകരെ ആദരിക്കുന്നു.

ആദരിച്ചു

കുണ്ടറ: അധ്യാപക ദിനത്തോടനുബന്ധിച്ച് കൊല്ലം ജില്ലാ ജനകീയ വികസനവേദിയുടെ ആഭിമുഖ്യത്തിൽ കുണ്ടറ എംജിഡി ഹയർ സെക്കൻഡറി സ്കൂളിലെ അധ്യാപകരെ ആദരിച്ചു. സ്കൂൾ അങ്കണത്തിൽ നടന്ന ചടങ്ങ് മുൻ മന്ത്രി മുല്ലക്കര രത്നാകരൻ ഉദ്ഘാടനം ചെയ്തു.

ജനകീയ വികസനവേദി പ്രസിഡന്റ് മുളവന രാജേന്ദ്രൻ അധ്യക്ഷത വഹിച്ചു. ബോയ്സ് ഹയർസെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ ലീന ഏബ്രഹാം, പ്രധാന അധ്യാപകൻ ഫിലിപ്പ് എം. ഏലിയാസ്, ഗേൾസ് ഹൈസ്കൂൾ പ്രധാന അധ്യാപിക ഷീബ മാത്യു, അധ്യാപകരായ ഷീജ കെ. ഫിലിപ്പ്, ആഷമ്മ എബ്രഹാം, ബേബിയമ്മ, മിനിഎന്നിവരെ ചടങ്ങിൽ മുല്ലക്കര രത്നാകരൻ ആദരിച്ചു.

കൊല്ലം ജില്ലാ ലൈബ്രറി കൗൺസിൽ പ്രസിഡന്റ് കെ.ബി മുരളീകൃഷ്ണൻ, ഫിലിപ്പ് എം.ഏലിയാസ്, പിടിഎ പ്രസിഡന്റ് ബിജോയ് വി. തോമസ്, വികസനവേദി സെക്രട്ടറി റോയി പുന്നത്തടം, ഖജാൻജി ബൈജു കരീം എന്നിവർ പ്രസംഗിച്ചു.

पंजाब नैशनल बैंक ...भरोसे का प्रतीक ! punjab national bank ...the name you can BANK upon !

എ. ആർ. എം. ബി, എറണാകുളം, 1-ാം നില, 40/1461, മാർക്കറ്റ് റോഡ്, എറണാകുളം - 682011, Ph: 0484-2350477, Email: cs4459@pnb.bank.in

സ്ഥാവര വസ്തുക്കളുടെ വിൽപന നോട്ടീസ്

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 ന്റെ പ്രൊവിഷൻ റൂൾ 8(6) & 9(1) പ്രകാരം ബാങ്കിൽ പണയപ്പെടുത്തിയിട്ടുള്ള സ്ഥാവര വസ്തുക്കളുടെ ഇ - ലേലവിൽപന നോട്ടീസ്. താഴെ പറയുന്ന വായ്പക്കാർ/പണയക്കാർ/ജാമ്യക്കാരിൽ നിന്ന് ഈടായി കിട്ടുവാനുള്ള കുടിശ്ശിക തുകയും തുടർ പലിശയും മറ്റ് ചാർജ്ജുകളും വസൂലാക്കുന്നതിന് വേണ്ടി പണയപ്പെടുത്തിയ / ചാർജ്ജുള്ളതുമായ വസ്തുക്കൾ ബാങ്കിന്റെ/സെക്യൂർഡ് ക്രഡിറ്ററുടെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ക്രിയാത്മകമായി കൈവശപ്പെടുത്തിയതാകുന്നു. സ്ഥാവര വസ്തുക്കൾ "എവിടെയാണോ" "എങ്ങനെയാണോ" "ഏതൊക്കെയാണോ" എന്ന അടിസ്ഥാനത്തിൽ താഴെ പറയുന്ന തീയതിയിൽ വിൽപന നടത്തുന്ന വിവരം ജനങ്ങളെ പൊതുവായും വായ്പക്കാരെയും ജാമ്യക്കാരെയും പ്രത്യേകമായും അറിയിച്ചുകൊള്ളുന്നു. ലേല തീയതിയും കുടിശ്ശിക തുകയുടെയും വിവരങ്ങൾ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

ഇ - ലേല തീയതിയും സമയവും: **24.09.2026** ന് ഉച്ചയ്ക്ക് 12.00 മണി മുതൽ 2.00 മണി വരെ

ക്രമ നം.	ശാഖയുടെ പേര്/ അക്കൗണ്ടിന്റെ പേര് /വായ്പക്കാർ/ ജാമ്യക്കാരുടെ പേരും വിലാസവും	വസ്തു വിവരണവും പണയപ്പെടുത്തിയ ആളുടെ പേരും (വസ്തുവിന്റെ ഉടമ)	എ) സർഫേസി ആക്ട് 2002 സെക്ഷൻ 13(2) പ്രകാരം ഡിമാന്റ് നോട്ടീസ് അയച്ച തീയതി ബി) കുടിശ്ശിക തുക, സി) സർഫേസി ആക്ട് 2002 സെക്ഷൻ 13(4) പ്രകാരം കൈവശമെടുത്ത തീയതി, ഡി) കൈവശമെടുത്ത രീതി, പ്രതീകാത്മകമായി/പ്രത്യക്ഷമായി/ക്രിയാത്മകമായി.	(എ) കരുതൽ വില (ബി) നിരതദ്രവ്യം: (സി) ലേല വർദ്ധന തുക:	സെക്യൂർഡ് ക്രെഡിറ്ററിന്റെ അറിവിലുള്ള ബാദ്ധ്യതയുടെ വിശദാംശങ്ങൾ
1	**PNB, ARMB, എറണാകുളം** (1). **M/s അഷ്ടപദി ഫൗണ്ടേഷൻ, ചെയർമാൻ - ശ്രീ. ഷാനവാസ് വി കെ,** 39/40 പിനാക്കിൾ ആർക്കേഡ്, ചിറ്റൂർ റോഡ്, കൊച്ചി - 682011, (2). **M/s അഷ്ടപദി ഫൗണ്ടേഷൻ, സെക്രട്ടറി - ശ്രീ. ദീപക് കൃഷ്ണൻ,** 39/40 പിനാക്കിൾ ആർക്കേഡ്, ചിറ്റൂർ റോഡ്, കൊച്ചി - 682011 (3). **M/s അഷ്ടപദി ഫൗണ്ടേഷൻ, ട്രഷറർ - ശ്രീ. അൻസാർ ഹുസൈൻ,** 39/40 പിനാക്കിൾ ആർക്കേഡ്, ചിറ്റൂർ റോഡ്, കൊച്ചി - 682011 (4). **ശ്രീ ഷാനവാസ് വി കെ** (ട്രസ്റ്റി & ജാമ്യക്കാരൻ) കരിയാട്ടിൽ ഹൗസ്, കുറഞ്ഞിയൂർ പിഒ, ചാവക്കാട് വഴി, തൃശൂർ (5). **ശ്രീ. ദീപക് കൃഷ്ണൻ** (ട്രസ്റ്റി & ജാമ്യക്കാരൻ) 37/3839, കാർത്തിക, അവന്യൂ 7, ബാങ്ക് റോഡ്, കലൂർ, എറണാകുളം 682017, (6) **ശ്രീ. അൻസാർ ഹുസൈൻ** (ട്രസ്റ്റി & ജാമ്യക്കാരൻ) ശ്രീകൃഷ്ണ നഗർ, യൂസഫ് ഗുഡ അമീർപേട്ട്, ഹൈദരാബാദ് - 500045 (7). **അനീഷ് ബഹനാൻ** (ട്രസ്റ്റി & ജാമ്യക്കാരൻ) 30/1035, പനയിൽ, കണിയാമ്പുഴ റോഡ്, വൈറ്റില, എറണാകുളം - 682019, (8). **അലങ്കാർ ഘാഗ്** (ട്രസ്റ്റി & ജാമ്യക്കാരൻ) S/o ചന്ദ്രകാന്ത് ഡി ഘാഗ്, 5/205, ഇന്ത്യാ യുണൈറ്റഡ് മിൽ നം. 1 കെട്ടിടം, ഡോ. ബി.എ റോഡ് പരേൽ, മുംബൈ - 400012, (9). **സബിത എസ് നായർ** (ട്രസ്റ്റി & ജാമ്യക്കാരി) W/o ദീപക് കൃഷ്ണൻ 37/3839, കാർത്തിക, അവന്യൂ 7, ബാങ്ക് റോഡ്, കലൂർ, എറണാകുളം - 682017. (10). **സരിത എസ് നായർ** (ട്രസ്റ്റി & ജാമ്യക്കാരി) D/o സുകുമാരൻ നായർ, അഷ്ടപദി, തിക്കണ്ണമംഗലം, കൊട്ടാരക്കര, കൊല്ലം - 691506, (11). **ഷജ്ന ഷാനവാസ്** (ജാമ്യക്കാരി) കരിയാട്ടിൽ വീട്, കുരഞ്ഞിയൂർ പി.ഒ ചാവക്കാട് വഴി, തൃശൂർ, (12). **സരസ്വതി അമ്മ** (പരേത) (ജാമ്യക്കാരി) (പ്രതിനിധീകരിച്ച് നിയമാനുസൃത അവകാശികളായ സരിത എസ് നായർ, സബിത എസ് നായർ), W/o എം ഗോപാലകൃഷ്ണൻ 37/3839, കാർത്തിക, അവന്യൂ 7, ബാങ്ക് റോഡ്, കലൂർ, എറണാകുളം - 682017	(1) കൊല്ലം ജില്ലയിൽ, കരവാളൂർ വില്ലേജിൽ പരേതയായ സരസ്വതി അമ്മ (നിയമാനുസൃത അവകാശികളായ സബിത നായർ സരിത നായർ എന്നിവരുടെ പേരിലുള്ള സർവ്വേ നം. 257/1/381,257/1/1/382,253/1/63/208 ൽപ്പെട്ട 144.52 ആർസ് സ്ഥലവും സകലവിധ കുഴിക്കൂർ ചമയങ്ങളും കൂടിയാകുന്നു. **അതിരുകൾ:** **വടക്ക്** സുകുമാരൻ നായർ വിറ്റ വസ്തു; **തെക്ക്** ഇടവഴി; **കിഴക്ക്** റോഡ് & അഞ്ചൽ വില്ലേജ് വക വസ്തു; **പടിഞ്ഞാറ്** സർവേ നം. 253/257 വക വസ്തു. (2) കൊല്ലം ജില്ലയിൽ, കരവാളൂർ വില്ലേജിൽ, ശ്രീമതി. സരസ്വതി അമ്മയുടെ പേരിലുള്ള സർവ്വേ നം. 257/1/381,257/1/62 & 253/1/63 ൽപ്പെട്ട 141.69 ആർസ് (20.24 ആർസ് + 113.36 ആർസ് + 8.09 ആർസ്) സ്ഥലവും സകലവിധ കുഴിക്കൂർ ചമയങ്ങളും കൂടിയാകുന്നു. **അതിരുകൾ:** **വടക്ക്** സരസ്വതി എസ് നായർ & സിനി വക വസ്തു; **തെക്ക്** സരസ്വതി എസ് നായർ & സിനി വക വസ്തു, ഇടവഴി, **കിഴക്ക്** പഞ്ചായത്ത് റോഡ്, അഷ്ടപദി ഫൗണ്ടേഷൻ വക വസ്തു; **പടിഞ്ഞാറ്** ഭാരതി, തങ്കപ്പൻ നായർ വക വസ്തു. (3) കൊല്ലം ജില്ലയിൽ, കരവാളൂർ വില്ലേജിൽ, M/s അഷ്ടപദി ഫൗണ്ടേഷന്റെ പേരിലുള്ള സർവ്വേ നം. 253/63/2019 ൽപ്പെട്ട 15.38 ആർസ്, സർവ്വേ നം. 253/63/20 ൽപ്പെട്ട 4.05 ആർസ്, ആകെ 19.43 ആർസ് സ്ഥലവും സകലവിധ കുഴിക്കൂർ ചമയങ്ങളും കൂടിയാകുന്നു. **അതിരുകൾ:** **വടക്ക്** അബ്രഹാം ജേക്കബ് വക വസ്തു, **തെക്ക്** M/s അഷ്ടപദി ഫൗണ്ടേഷൻ വക വസ്തു; **കിഴക്ക്** M/s അഷ്ടപദി ഫൗണ്ടേഷൻ വക വസ്തു; **പടിഞ്ഞാറ്** വിജയൻ വക വസ്തു. (4) കൊല്ലം ജില്ലയിൽ, കരവാളൂർ വില്ലേജിൽ, M/s അഷ്ടപദി ഫൗണ്ടേഷന്റെ പേരിലുള്ള സർവ്വേ നം. 253/1/63,253/1/63/208,253/1/63/20 5 and 253/1/63/211 ൽപ്പെട്ട 392.61 ആർസ്, & സർവ്വേ നം. 253/1/63/211 ൽപ്പെട്ട 32.77 ആർസ്, ആകെ 425.38 ആർസ് സ്ഥലവും കെട്ടിടവും സകലവിധ കുഴിക്കൂർ ചമയങ്ങളും കൂടിയാകുന്നു. **അതിരുകൾ (392.61 ആർസ്):** **വടക്ക്** ശ്രീ. രാജേന്ദ്രൻ, ശ്രീ. മാത്യു & ശ്രീ. മനോജ് വക വസ്തു, **തെക്ക്** ശ്രീ. എബ്രഹാം, ശ്രീ. ജോൺ & ശ്രീ. എബ്രഹാം ജേക്കബ് വക വസ്തു; **കിഴക്ക്** ശ്രീ. വിജയൻ ശ്രീ. മോഹനൻ, ശ്രീ. മനോജ് & ശ്രീ. മാത്യു വക വസ്തു; **പടിഞ്ഞാറ്** റോഡ്. **(32.77 ആർസ്):** **വടക്ക്** വസന്തരൻ വസ്തു, **തെക്ക്** റോഡ്; **കിഴക്ക്** റോഡ്; **പടിഞ്ഞാറ്** ശ്രീ. കുട്ടപ്പൻ നായർ & ശ്രീ. തങ്കപ്പൻ നായർ വക വസ്തു.	(എ) 13(2) - 18-04-2016 (ബി) 31.08.2026ലെ രൂപ **30,75,86,708.60** (മുപ്പത് കോടി എഴുപത്തി അഞ്ച് ലക്ഷത്തി എൺപത്തി ആറായിരത്തി എഴുന്നൂറ്റി എട്ട് രൂപ അറുപത് പൈസ)യും 01.09.2026 മുതലുള്ള പലിശയും മറ്റ് ചെലവുകളും (സി) കൈവശമെടുത്ത തീയതി: 17-10-2016 (ഡി) ക്രിയാത്മക കൈവശം	(1) (എ) രൂപ **54.63 ലക്ഷം** (ബി) രൂപ **5.463 ലക്ഷം** (സി) രൂപ **1,00,000/-** (2) (എ) രൂപ **53.56 ലക്ഷം** (ബി) രൂപ **5.356 ലക്ഷം** (സി) രൂപ **1,00,000/-** (3) (എ) രൂപ **6.48 ലക്ഷം** (ബി) രൂപ **0.648 ലക്ഷം** (സി) രൂപ **10,000/-** (എ) രൂപ **686.00 ലക്ഷം** (ബി) രൂപ **68.60 ലക്ഷം** (സി) രൂപ **1,00,000/-**	(1) എറണാകുളം ജില്ലാ കോടതിയിൽ നിന്ന് ലിസി ഹോസ്പിറ്റൽ റോഡിന് സമീപം 64/221 കോട്ടൈക്കനാൽ റോഡ്, 2024 ലെ ഇപി 102 ലെ 2024 ലെ ഇഎ 230 ലെ ഒപി ആർബി 110 ലെ 2020 ലെ M/s E M മണി കൺസ്ട്രക്ഷൻ പ്രൈവറ്റ് ലിമിറ്റഡ് / ഹർജിക്കാരൻ 21.05 കോടി രൂപയ്ക്ക് അറ്റാച്ച്മെന്റ് ബി) പുനലൂർ, തഹസിൽദാർ 42,956 രൂപയ്ക്ക് അറ്റാച്ച്മെന്റ്, TLKPLR/846/2025 C3

ഇ - ലേല തീയതിയും സമയവും: **24.09.2026** ന് ഉച്ചയ്ക്ക് 12.00 മണി മുതൽ 2.00 മണി വരെ

നിരതദ്രവ്യം സമർപ്പിക്കാനുള്ള അവസാന തീയതി: 23.09.2026, വൈകിട്ട് 4 മണിക്ക് മുമ്പ് | വസ്തു പരിശോധന: അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ മുൻകൂർ അനുമതിയോടുകൂടി 22.09.2026

വ്യവസ്ഥകളും നിബന്ധനകളും: (1). വിൽപന, 2002 ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസിൽ പ്രതിപാദിക്കപ്പെട്ട നിബന്ധനകൾക്കും താഴെപ്പറയുന്ന വ്യവസ്ഥകൾക്കും വിധേയമായിരിക്കും. **(2).** വസ്തുക്കൾ "എവിടെയാണോ" "എങ്ങിനെയാണോ" "ഏതൊക്കെയാണോ" എന്ന അടിസ്ഥാനത്തിൽ ആയിരിക്കും വിൽപന. **(3).** അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ അറിവിൽപ്പെട്ടിടത്തോളം പട്ടികയിൽ പറഞ്ഞിട്ടുള്ള ഈട് വസ്തുക്കളുടെ പൂർണ്ണവിവരം നൽകിയിട്ടുള്ളതാണ്. എന്നാൽ വസ്തുവിലുള്ള പിശക്, തെറ്റായ പ്രസ്താവന അല്ലെങ്കിൽ ഒഴിവാക്കൽ വല്ലതും ഉണ്ടെങ്കിൽ അധികാരപ്പെട്ട ഉദ്യോഗസ്ഥന് ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതല്ല. **(4).** അധികാരപ്പെട്ട ഉദ്യോഗസ്ഥന് സ്വീകരിക്കാൻ പറ്റാത്ത ബിഡ്ഡുകൾ സ്വീകരിക്കുവാനോ നിരസിക്കുവാനോ അധികാരമുണ്ടായിരിക്കുന്നതാണ്. ലേലം നീട്ടി വെയ്ക്കുന്നതിനോ /റദ്ദു ചെയ്യുന്നതിനോ /മാറ്റി വെയ്ക്കുന്നതിനോ വിൽപനയുടെ വ്യവസ്ഥകളിലും നിബന്ധനകളിലും മാറ്റം വരുത്തുന്നതിനും മുൻകൂട്ടിയുള്ള അറിയിപ്പോ കാരണമോ ഒന്നും കൂടാതെ തന്നെ എപ്പോൾ വേണമെങ്കിലും അധികാരപ്പെട്ട ഉദ്യോഗസ്ഥന് അധികാരമുണ്ട്. അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ തീരുമാനം അന്തിമമായിരിക്കും. **(5).** കരുതൽ വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് വസ്തു വിൽക്കുന്നതല്ല. **(6).** ലേല വിൽപന **https://Baanknet.com** എന്ന ഇ - ലേല പ്ലാറ്റ്ഫോം മുഖാന്തിരം **24.09.2026ന് ഉച്ചയ്ക്ക് 12.00 മണി മുതൽ 02.00 മണി വരെയായിരിക്കും. (7).** ലേല വിൽപനയുടെ വ്യവസ്ഥകളും നിബന്ധനകളും കൂടുതൽ അറിയുന്നതിനായി **https://Baanknet.com & www.pnb.bank.in** എന്നീ വെബ് സൈറ്റുകൾ സന്ദർശിക്കുക.

തീയതി: 02-09-2026, സ്ഥലം: എറണാകുളം | (ഒപ്പ്) അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ, പഞ്ചാബ് നാഷണൽ ബാങ്ക്, എ. ആർ. എം. ബി., എറണാകുളം

E2609-601910